


# മഴവില്ല്

സെന്റ് മേരീസ് എച്ച്
എസ്എസ് ഭരണങ്ങാനം



# ലിറ്റിൽ കൈറ്റ്സ്

# ആശംസകളോടെ....

ഭരണങ്ങാനം സെൻ്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ സർഗാത്മക വാസനകളുടെ പ്രതിഫലനമാണ് മഴവില്ല് എന്ന ഡിജിറ്റൽ മാഗസിനിലൂടെ അതിരുകൾ ഭേദിക്കുന്നത്. മീനച്ചിൽതാലൂക്കിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂളായി 1897-ൽ ജന്മംകൊണ്ട ഭരണങ്ങാനം സെൻ്റ് മേരീസ് സ്കൂൾ 126 വർഷത്തെ പ്രയാണം ചാരിതാർഥ്യത്തോടെ പൂർത്തിയാക്കിയിരിക്കുന്നു. കേരളത്തിൻ്റെ സാമൂഹിക,സാംസ്കാരിക,രാഷ്ട്രീയ,ആത്മീയ രംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച നിരവധി ശ്രേഷ്ഠവ്യക്തികൾ ഈ വിദ്യാലയത്തിൻ്റെ മക്കളാണ് എന്നത് അഭിമാനകരമാണ്. അച്ചടക്കത്തിനു പരമപ്രാധാന്യം കൊടുക്കുന്ന ഈ സ്കൂളിൽ കുട്ടികളുടെ സമഗ്രവളർച്ചയ്ക്കായി നടത്തപ്പെടുന്ന എൻ.സി.സി ,എൻ.എസ്.എസ്, ലിറ്റിൽ കൈറ്റ്സ്,റെഡ്ക്രോസ് തുടങ്ങിയ സംഘടനകളിലൂടെ,അഡ്മിഷൻ എടുക്കുന്ന മുഴുവൻ കുട്ടികൾക്കും ഗ്രേസ് മാർക്കിന് അർഹത ലഭിക്കുന്നു എന്ന പ്രത്യേകതയും ഉണ്ട്.ഈ മാഗസിൻ മനോഹരമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്

ശ്രീ.ജോജി അബ്രാഹം
(ഹെഡ്മാസ്റ്റർ)



| |
|---|
| |
| കോട്ടയം |
| വിദ്യാഭ്യാസ ജില്ല |
| പാലാ |
| സബ് ജില്ല |
| പാലാ |
| ഹെഡ്മാസ്റ്റർ |
| ജോജി അബ്രാഹം |
| പി.ടി.എ പ്രസിഡന്റ് |
| ജോസ് തയ്യിൽ |
| എം.പി.ടി.എ പ്രസിഡന്റ് |
| ലിസാ ടോം |



## നല്ല സുഹൃത്തിന്റെ പ്രാധാന്യം

ജോൺ സമ്മർ വെക്കേഷന് അവന്റെ അമ്മയുടെ വീട്ടിൽ പോയിരിക്കുകയാണ്. അവിടെ അവന് വളരെ രസമാണ്. കാരണം,അവന്റെ വല്യമ്മച്ചിക്ക് ഒരു മാവിന്റെ തോട്ടമുണ്ട്. അവിടെ അവൻ മാമ്പഴം കഴിക്കും. അവന് അവിടെ അഞ്ച് കൂട്ടുകാരുണ്ട്. അവർക്ക് അവൻ മാമ്പഴം കൊടുക്കാറില്ല. ഒരു ദിവസം കളിച്ചുകൊണ്ടിരിക്കുമ്പോൾ ജോൺ വീണു കൂട്ടുകാർ അവനെ വീട്ടിൽ കൊണ്ട് പോയി. അമ്മയോട് നടന്ന കാര്യം പറഞ്ഞു. അമ്മ അവന് മരുന്നുവച്ചുകൊടുത്തു. അവന്റെ അമ്മ കൂട്ടുകാർക്ക് മാമ്പഴം നൽകി. ജോണിന്
അവന്റെ കൂട്ടുകാരുടെ വിലമനസിലായി.



# അമ്മക്കിളിയും  കുഞ്ഞിക്കിളിയും



**ഒരു ദിവസം അമ്മക്കിളി അറിയാതെ
കുഞ്ഞിക്കിളി കൂട്ടിൽ നിന്ന് ഇറങ്ങാൻ
തുടങ്ങി.അത് കണ്ട അമ്മക്കിളി
പറഞ്ഞു  പുറത്തേക്ക്  ഇറങ്ങരുത്:
അമ്മക്കിളി കുഞ്ഞിക്കിളിക്ക്
ഒരു ശിഖരത്തിതിന്  മുകളിൽ
ഇരിക്കുന്ന പരുന്തിനെകാണിച്ച് കൊണ്ട്
പറഞ്ഞു. "നമുക്ക് വേണ്ടി
കാത്തിരിക്കുകയാണ് ഇവർ. നമ്മുടെ
ജീവൻ രക്ഷിക്കേണ്ടത്**

# കൊതിയൻ കുട്ടിക്കൊമ്പൻ



കാട്ടിലെ കുട്ടിക്കുറുമ്പനാന
കൂട്ടം വെടിഞ്ഞു നടക്കും നേരം
മൂത്തുപഴുത്ത പഴങ്ങൾ തൂങ്ങും
ചക്കരമാവുകൾ കണ്ടുവല്ലോ.

മാങ്ങക്കൊതിയോടെ തുമ്പി നീട്ടി
മാവിന്റെ കൊമ്പു കുലുക്കിനോക്കി,
മാമ്പഴം വീഴുന്നതിന്റെ കൂടെ
മാവിന്റെ കൊമ്പുമൊടിഞ്ഞുവീണു!

പേടിച്ചു കൊമ്പൻ നിലവിളിച്ചു ,
അതുകേട്ടിട്ടാനകളോടിവന്നു,
നാണിച്ചു നാണിച്ചു കുട്ടിക്കൊമ്പൻ
മാമ്പഴം തിന്നു മടങ്ങിപ്പോയി!

# നീലക്കുരുവി



നീലക്കുരുവി

നീലക്കുരുവീ നീയെന്തേ......
മാനം നോക്കിയിരിക്കുന്നു.....
സ്വപ്നം കാണുകയാണോ നീ
ചുണ്ടത്തൊരു ചിരിയുണ്ടല്ലോ

പുലരൊളി വന്നതറിഞ്ഞില്ലേ
പൂമഴ പെയ്യുതറിഞ്ഞില്ലേ
നീലക്കുരുവീ നീയെന്തേ
മാനം നോക്കിയിക്കുന്നു?

# കാട്ടിലെ കണ്ണൻ



കാട്ടിലെ കണ്ണനാന
കൂട്ടം വെടിഞ്ഞു നടക്കുംനേരം
മൂത്തുപഴുത്ത പഴങ്ങൾ തൂങ്ങും
ചക്കരമാവുകൾ കണ്ടുവല്ലോ.

മാങ്ങാക്കൊതിയോടെ തുമ്പി നീട്ടി
മാവിന്റെ കൊമ്പു കുലുക്കിനോക്കി,
മാമ്പഴം വീഴുന്നതിന്റെ കൂടെ
നീറു കടിച്ചു കുലുങ്ങി വീണു

# മഴക്കുറ്റങ്ങൾ



പെയ്യാൻ തുങ്ങിയാൽ കുറ്റം
പെയ്യാതിരുന്നാലും കുറ്റം
ചെറുമഴയാണേലും കുറ്റം
പെരുമഴയാണേലും കുറ്റം
മുന്നേഴിനാണേലും കുറ്റം
പിന്നേഴിനാണേലും കുറ്റം
ഇടവിട്ടു പെയ്താലും കുറ്റം
ഇടമുറിയാതെയും കുറ്റം
അന്തിക്കു വന്നാലും കുറ്റം

# അലർജി



കറിവേപ്പിലയും സമം മഞ്ഞളും കൂട്ടി അരച്ച് പതിവായി ഒരു മാസക്കാലം ഒരു നെല്ലിക്കയോളം വലിപ്പത്തിലെടുത്ത് രണ്ടുനേരം കഴിക്കുന്നവർക്ക് അലർജി മാറികിട്ടും

ചെറുനാരങ്ങാനീരിൽ കുറുന്തോട്ടിയില അരച്ച് കുഴമ്പാക്കി പുരട്ടുക

നാരങ്ങാനീര് തുളസിയിലനീര് എന്നിവയെ തേങ്ങ എണ്ണയിൽ ചാലിച്ച് പുരട്ടുക

തൊട്ടാവാടിയെ പറിച്ച് അരച്ച് നീരെടുത്ത് സേവിക്കുക

# അരുചി

ഏലത്തരി വായിലിട്ടു ചവക്കുക അരുചി മാറികിട്ടും

ഇഞ്ചിസത്തിൽ പഞ്ചസാര ചേർത്തു കഴിക്കുക

ഇഞ്ചിനിരും ചെറുനാരങ്ങാനീരും സമം എടുത്ത് ഉപ്പും ചേർത്തു പല ആവർത്തി കഴിക്കുക

അടയ്ക്ക (പാക്ക്) കൂട്ടി മുറുക്കുമ്പോൾ ഉണ്ടാകുന്ന ചൊരുക്ക് മാറ്റാൻ പഞ്ചസാര നിന്നാൽ ശമനം ലഭിക്കും

# ചിൽ ചിൽ



ചക്കപെഴുക്കണെ കാലം വന്നാൽ
പ്ലാവിൻകൊമ്പിൽ കേറും നീ

മാങ്ങാപഴുക്കണെ കാലം വന്നാൽ
മാവിൻകൊമ്പിൽ കേറും നീ

വാഴകുലയ്ക്ക്ണ കാലം വന്നാൽ
വാഴത്തോപ്പിൽ കേറും നീ

ചില്ലയിലിപ്പോൾ ചാടിനടന്നീ
ചിൽ ചിൽ പാടണതെന്തിനു നീ



നാനോലോകം

കണ്ണിൽപ്പെടാത്തത്ര ചെറിയ മണൽത്തരിയിലും കുഞ്ഞൻ റോബോട്ടുകൾ. അതിസൂക്ഷ്മമായ മെഷീനുകളെ അനുകരിച്ചാണ് ശാസ്ത്രജ്ഞർ നാനോബോട്ടുകളെ നിർമ്മിച്ചത് .പ്രോട്ടീനുകൾ ,കൊഴുപ്പ് ,ഡി .എൻ .എ എന്നിവയൊക്കെ

ഉപയോഗിച്ചാണ്

# നാലു തരത്തിൽപ്പെട്ട ജിവിതനിലപാടുകളുണ്ട്




1. ഞാൻ ശരി ,നിങ്ങളും ശരി

. ആത്മവിശ്വാസം

. ക്രിയാത്മകത

2. ഞാൻ ശെരി നിങ്ങൾതെറ്റ്

.ഇടുങ്ങിയ മനോഭാവം

.നിരീക്ഷണം

3. ഞാൻ തെറ്റ് നിങ്ങൾ ശരി

. നിരാശ

. ഉത്സാഹക്കുറവ്

# ആന

കണ്ണപ്പനാനയും കിട്ടനുറുമ്പും
പട്ടണം കാണാൻ വന്നു,
ഹോട്ടലുകണ്ടതുമുടനെ കയറി
ഊണിനിരുന്നു രണ്ടും!


ചോറുവിളമ്പീ കറിയുംവന്നു
തീറ്റതുടങ്ങീ ഗ്ലപ് ഗ്ലപ്...
സാമ്പാറവിയൽ തൊടുകറിയെല്ലാം
വെട്ടിവിഴുങ്ങീ വേഗം!

പെട്ടന്നൊരു വെടി പൊട്ടി, പാവം
കിട്ടനുറുമ്പോ ഞെട്ടി
തലയുംകുത്തി താഴെ മറിഞ്ഞേ
ബോധംകെട്ടു കിടന്നു

'പപ്പടം പൊട്ടിച്ചതാടാ കിട്ടാ...'
കണ്ണപ്പൻ സോറി പറഞ്ഞു,
കിട്ടനുറുമ്പോ ചാടിയെണീറ്റു
കണ്ടവർ നിന്ന് ചിരിച്ചു



# കൊതുകിന്റെ മക്കൾ



കൊതുകിന്റെ മക്കൾ

മൂളി നടക്കുന്ന മൂത്തമ്മക്കൊതുകിന്റെ
മൂത്തമകൾ പെറ്റു മൂവരുണ്ടേ മക്കൾ മൂവരുണ്ടേ
അതിലെല്ലാം മൂത്തവളതിമന്തം കോതേച്ചി
അവളുടെ അനുജത്തി ഇരുമുകിച്ചിരുതേവി
അവളുടെ അനുജത്തി സാരസ്യാർ ചെറുചക്കി
അവളുടെ പുരുഷനാം മുട്ടയിൽ കുരുപ്പച്ചൻ
അവനുമവളുമായ് കൂടിക്കിടക്കുന്ന
തീച്ചയാർ കണ്ടിട്ടു കചപ്പിച്ചക്കി
തച്ചുതല പൊളിച്ചങ്ങനെ ആകമുറ

# വെള്ളരി നട്ടപ്പം



ഞാനൊരു വെള്ളരി നട്ടപ്പം
ആത്തേതും പൂത്തേതും വെണ്ടയ്ക്ക
പൂവെണ്ടക്ക പറിച്ചു വട്ടീലിട്ടപ്പം
വട്ടീല് കണ്ടത് കൊത്തച്ചക്ക
കൊത്തച്ചക്ക പറിച്ച് ഉപ്പേരി വെച്ചപ്പം
കൊണ്ട് വെളമ്പ്യത് ചാമക്കഞ്ഞി
ചാമക്കഞ്ഞി കുടിച്ചാമോദം തീർത്തപ്പം
വയറ്റിൽ തടഞ്ഞത് കോഴിക്കുഞ്ഞൻ
കോഴിക്കുഞ്ഞൻ ചെറുപ്പത്തിൽ 'പിയോ – പിയോ '
ഞാനും ചെറുപ്പത്തിൽ 'ക്ളൈള്ള ക്ളൈള്ള'


നന്ദി